**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1566** **06.03.2020-ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ ആഡംബര ബസ്സുകളുടെമേലുള്ള നിയന്ത്രണം</u>**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ആഡംബര ബസ്സുകൾ പെർമിറ്റില്ലാതെ ഓടിക്കുവാൻ കഴിയുന്ന വിധത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 07.1.2020 തീയതിയിൽ RT-16011/10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം എ.സി. ഡിലക്സ് ശ്രേണിയിലുള്ള 22 സീറ്റുകൾക്ക് മുകളിലുള്ള ബസ്സുകൾക്ക് മോട്ടോർ വാഹന നിയമത്തിലെ 66(1) വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (ബി) | കേന്ദ്രസർക്കാരിന്റെ പ്രസ്തുത നീക്കം കെ.എസ്.ആർ.ടി.സി.യെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | ഉണ്ട്.<br>കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 07.1.2020 തീയതിയിലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപനം എ.സി. ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ. ടി.സി.യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുമെന്നുള്ളതുമാണ്. കൂടാതെ, ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ടി നിർദ്ദേശം നടപ്പിലാക്കിയാൽ നിലവിൽ |

| | | | |
|---|---|---|---|
| | | | രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/അന്തർ സംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും, ടി സർവ്വീസുകളെ നിയമപരമായി തടയുവാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്യും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പ് വരുത്തുന്നതിന് കഴിയുകയില്ല. |
| (സി) | അന്തർസംസ്ഥാന പാതയിൽ സ്വകാര്യ ആഡംബര ബസ്സുകൾക്ക് പെർമിറ്റ് ആവശ്യമില്ലായെന്ന് വന്നാൽ അവയുടെ മേൽ സംസ്ഥാന സർക്കാരിന് നിലവിലുള്ള നിയന്ത്രണം നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുമോ; | (സി) | ഇത്തരം വാഹനങ്ങൾ കേരളത്തിനകത്തോ കേരളത്തിന് പുറത്തേക്കോ സർവ്വീസ് നടത്തുമ്പോൾ സർക്കാരിന് യാതൊരു വിധ നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ സാധിക്കുകയില്ല. ഇപ്പോൾ യാത്രക്കാർക്ക് നേരെയുണ്ടാകുന്ന അക്രമങ്ങളിൽ പെർമിറ്റ് വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തിയാണ് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിക്കുന്നത്. പെർമിറ്റ് വ്യവസ്ഥായില്ലാതാകുമ്പോൾ സർക്കാരിന് ഇത്തരം സർവ്വീസുകളിന്മേലുള്ള നിയന്ത്രണം ഇല്ലാതാകുന്നു. ഇതോടൊപ്പം തന്നെ ബസ്സ് ചാർജ് എന്ന ടിക്കറ്റ് നിയന്ത്രണം സർക്കാരിന് ഇല്ലാതെയാകും. ഉയർന്ന സൗകര്യമുള്ള ഇത്തരം ബസ്സുകളിൽ അമിത ചാർജ് ഈടാക്കാൻ ഇടയാകുന്നത് മൂലം സാധാരണക്കാരായ യാത്രക്കാർക്ക് ഇത്തരം സർവ്വീസുകൾ അപ്രാപ്യമാകും. |
| (ഡി) | കേന്ദ്രനീക്കത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ പ്രതികരണം രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കു ന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും, കെ.എസ്.ആർ.ടി.സി, മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു: ഗതാഗത വകുപ്പ് മന്ത്രി 22.1.2020 ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനസർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. കേന്ദ്രസർക്കാരിൽ നിന്നും പ്രതികരണം ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ